ചാരായഷാപ്പുകൾ നിറുത്തലാക്കിയത് വഴി, മദ്യത്തിന്റെ ലഭ്യത കുറയ്ക്കുവാനും, സാധാരണക്കാരായ കുറച്ചു പേരെങ്കിലും മദ്യാസക്തിയിൽ നിന്നും മോചിതരാകുവാനും ഇടയായി എന്നത് വസ്തുതയാണ്. നിലവിലുണ്ടായിരുന്ന ചാരായഷാപ്പുകൾ നിർത്തലാക്കിയതുമൂലം തൊഴിലവസരങ്ങൾ നഷ്ടപ്പെടുവാനും അനിയന്ത്രിതമായ മദ്യപർ വ്യാജമദ്യം തേടിപോകുവാനും ഇടയായിട്ടുണ്ട് എന്ന് സർക്കാർ മനസ്സിലാക്കുന്നു. കർക്കശമായ നിയമപാലനത്തിലൂടെയും ബോധവൽക്കരണത്തിലൂടെയും വ്യാജമദ്യ വിപണനത്തിനെതിരെ സർക്കാർ നടപടികൾ കൈക്കൊള്ളുന്നുണ്ട്. തൊഴിൽ നഷ്ടപ്പെട്ട ചാരായ തൊഴിലാളികൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. അർഹരായ തൊഴിലാളികളെ പുനരധിവസിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനെല്ലാം പുറമെ മദ്യ നയത്തെക്കുറിച്ച് പഠിക്കുവാൻ ഒരു കമ്മിറ്റിയെ നിയോഗിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

(സി) ഉദ്ദേശിക്കുന്നില്ല.

ഫിസ്ക്കൽ റസ്പോൺസിബിലിറ്റി നിയമം

22 (*232) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമാക്കാൻ 'ഫിസ്ക്കൽ റസ്പോൺസിബിലിറ്റി' നിയമം കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത നിയമം സംബന്ധിച്ച വിശദാംശം അറിയിക്കാമോ ;

(സി) ഈ നിയമത്തിന്റെ പരിധിയിൽ വരുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്നു വെളിപ്പെടുത്താമോ ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) :

(എ) ഉണ്ട്.

(ബി & സി) സർക്കാരിന്റെ റവന്യൂ കമ്മിയും ധനകമ്മിയും കുറച്ചു കൊണ്ടുവരുന്നതിനും, ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിനും ഉദ്യോഗസ്ഥർ കൂടുതൽ ഉത്തരവാദിത്വത്തോടെ പ്രവർത്തിക്കുന്നതിനും വേണ്ടിയാണ് ഈ നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്. ഈ ബിൽ നിയമസഭയുടെ നടപ്പുസമ്മേളനത്തിൽ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

യുവാക്കൾക്കുള്ള സ്വയംതൊഴിൽ പെൻഷൻ പദ്ധതി

23 (*233) ശ്രീ. റ്റി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷിവകുപ്പ് രൂപം നൽകിയ ലക്ഷം യുവാക്കൾക്ക് സ്വയം തൊഴിൽ പെൻഷൻ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നു വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആയിരംരൂപ വീതം ഡെപ്പോസിറ്റ് വാങ്ങി രജിസ്റ്റർ ചെയ്തിട്ടുള്ള ഈ യുവാക്കൾക്കുവേണ്ടി എന്ത് ചെയ്തുവെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇവർക്കുവേണ്ടി ഈ സർക്കാരിന്റെ കാലത്ത് എന്തെങ്കിലും പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യവികസനം എന്നീ മേഖലകളിൽ ഒരു ലക്ഷം യുവജനങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 1993-94-ൽ ആരംഭിച്ച പദ്ധതിയാണ് 'ഒരു ലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതി', ഇത് ഇപ്പോഴും നിലവിലുണ്ട്. പദ്ധതി പ്രകാരം അംഗങ്ങളായിരിക്കെ മരണമടഞ്ഞ 430 പേരുടെ നോമിനികൾക്ക് 25000 രൂപ വീതം ധനസഹായം നൽകി. സ്വമേധയാ പദ്ധതിയിൽ നിന്നും പിരിഞ്ഞുപോയ 168 പേർക്ക് അവർ അടച്ച 1000 രൂപ വീതം തിരിച്ചുനൽകി. പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ താഴെ പറയുന്നവയാണ്.

1. പദ്ധതിയിൽ തൃപ്തികരമായി പ്രവർത്തിക്കുന്ന അംഗത്തിനു 60 വയസ്സ് പൂർത്തിയാകുമ്പോൾ 30,000 രൂപ മുതൽ 60,000 രൂപ വരെ ഗ്രാറ്റുവിറ്റി.

2. 60 വയസ്സിനുമേൽ 1,000 രൂപ പ്രതിമാസ പെൻഷൻ.

3. (എ) 60 വയസ്സിനുശേഷം മരിക്കുന്ന അംഗങ്ങളുടെ ആശ്രിതർക്ക് ഒരു ലക്ഷം രൂപ ധനസഹായം.

   (ബി) 60 വയസ്സിനുമുമ്പു മരിക്കുന്ന അംഗങ്ങളുടെ അവകാശികൾക്ക് 25,000 രൂപ മുതൽ ഒരു ലക്ഷം രൂപ വരെ ധനസഹായം.

4. പദ്ധതിയിൽ നിന്നും സ്വമേധയാ പിരിഞ്ഞുപോകുന്ന അംഗങ്ങൾക്കു പദ്ധതി വിഹിതമായി അടച്ച 1,000 രൂപ മടക്കി നൽകൽ.

5. പദ്ധതിയിൽ അംഗമായിരിക്കെ ശാരീരികമോ, മാനസികമോ ഉള്ള അവശത സംഭവിച്ചവർക്ക് അംഗത്വകാലാവധി അനുസരിച്ച് 200 രൂപ മുതൽ 750 രൂപ വരെ പ്രതിമാസ അവശതാ പെൻഷൻ.

മേൽപ്പറഞ്ഞ ആനുകൂല്യങ്ങൾ അംഗങ്ങളായിട്ടുള്ളവർക്കെല്ലാം നൽകുന്നതിനു വളരെയേറെ തുക വർഷങ്ങളോളം വേണ്ടിവരുമെന്നതിനാൽ പദ്ധതിയുടെ സാമൂഹ്യ സുരക്ഷാ ഫണ്ടിൽ ലഭ്യമായിട്ടുള്ള തുക കൂടുതൽ ഫലപ്രദമായി അംഗങ്ങൾക്കു വേണ്ടി വിനിയോഗിക്കുന്നതിനു നബാർഡിന്റെ കൺസൾട്ടൻസി പ്രയോജനപ്പെടുത്തി അനുയോജ്യമായ ഒരു പദ്ധതിക്കു രൂപം നൽകുന്നതിനുള്ള നടപടി കൈക്കൊണ്ടുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ അംഗങ്ങൾക്ക് കാർഷികമേഖലയിൽ സ്വയംതൊഴിൽ ചെയ്ത് വരുമാനമുണ്ടാകാൻ സൗകര്യമുണ്ടാക്കുന്നതിനു പ്രാപ്തരാക്കാനായി പരിശീലനം നൽകുകയും അവരുടെ സ്വയംസഹായഗ്രൂപ്പുകൾക്ക് വിവിധ പദ്ധതികളിൽ മുൻഗണന നൽകുന്നകാര്യവും ആലോചനയിലുണ്ട്.

(ബി) പ്രത്യേക തൊഴിൽദാനപദ്ധതിയിലുള്ള അംഗങ്ങളെ സ്വാശ്രയ ഗ്രൂപ്പുകളായി സംഘടിപ്പിച്ച് സ്വയംതൊഴിൽ കണ്ടെത്തുന്നതിനുവേണ്ടി, തെരഞ്ഞെടുത്ത മാസ്റ്റർകൃഷിക്കാർക്കു പരിശീലന പരിപാടികൾ നൽകിവരുന്നു. അത്തരം സ്വാശ്രയഗ്രൂപ്പുകൾക്ക് അവർ തെരഞ്ഞെടുക്കുന്ന പദ്ധതികൾക്ക് സാങ്കേതിക സഹായവും, ബാങ്കുകൾ മുഖേന ലോണുകളും ലഭ്യമാക്കുന്നുണ്ട്.

കൂടാതെ പഞ്ചായത്ത് ആസൂത്രണം ചെയ്യുന്ന പദ്ധതികളിലും കൃഷി വകുപ്പു നടപ്പിലാക്കുന്ന കേന്ദ്ര-സംസ്ഥാന പദ്ധതികളിലും ഇതിലെ അംഗങ്ങൾക്ക് മുൻഗണന നൽകുന്നതാണ്.

പദ്ധതി ആരംഭിച്ചപ്പോൾ അംഗങ്ങൾക്ക് പരിശീലനവും, തെരഞ്ഞെടുത്ത മേഖലകളിൽ പ്രത്യേക പരിശീലനവും നൽകിയിട്ടുണ്ട്. കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ മേഖലകളിൽ വിവിധ പദ്ധതികൾ/പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി 2,63,94,999 രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട്. പ്രത്യേകതൊഴിൽദാന പദ്ധതിയിൽ അംഗങ്ങൾ ആയിരിക്കെ മരണമടഞ്ഞവരുടെ നോമിനികൾക്ക് 25,000 രൂപവീതം 430 പേർക്ക് നൽകിയിട്ടുണ്ട്.

കൂടാതെ സ്വമേധയാ പദ്ധതിയിൽനിന്നും പിരിഞ്ഞുപോയവർക്ക് പദ്ധതി വിഹിതമായി അടച്ച 1000 രൂപ വീതം 168 പേർക്ക് മടക്കി നൽകിയിട്ടുണ്ട്.

(സി) അംഗങ്ങൾക്ക് കൂടുതൽ പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ പദ്ധതി ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നു. ഇതിനായി നബാർഡിന്റെ കൺസൾട്ടൻസി പ്രയോജനപ്പെടുത്തുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ട്.

ലോകബാങ്ക് സഹായമായി ലഭിച്ച തുകയുടെ വിശദാംശം

24 (*234) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകബാങ്ക് സഹായമായി സംസ്ഥാനത്ത് ലഭിച്ച തുക എത്ര ;

(ബി) ഇത് ഏതെല്ലാം വികസന പദ്ധതികൾക്കായിട്ടാണ് ചെലവാക്കുന്നത് ;

(സി) വികസനേതര ആവശ്യങ്ങൾക്കായി ഇതിൽനിന്നും തുക ചെലവഴിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ എന്തു തുക ഏതെല്ലാം ആവശ്യങ്ങൾക്കായി എന്നു വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly